# വൈദ്യുതി പരാതി പരിഹാര ന്യായസഭ (വടക്കൻ മേഖല)

## വൈദ്യുതി ഭവനം, ഗാന്ധിറോഡ്, കോഴിക്കോട് - 673011

(വൈദ്യുതി നിയമം 2003 ലെ സെക്ഷൻ 42(5) അനുസരിച്ച് രൂപം കൊണ്ടത്/ സ്ഥാപിതമായത്.)

ടെലിഫോൺ നംബർ - 0495 2367820

ഇ മെയിൽ. cgrfkzd@kseb.in

## സാന്നിദ്ധ്യം

| | | |
|---|---|---|
| സാജമ്മ. ജെ. പുന്നൂർ | : | അദ്ധ്യക്ഷ |
| ആൻസി പോൾ . സി | : | അംഗം |
| ഫ്രാൻസിസ്. എ. സി | : | അംഗം |

ഒ.പി. നം. **86 /2023-24**

പരാതിക്കാരൻ :

1. ശ്രീ. അബൂബക്കർ, താഴത്തേതിൽ ഹൗസ്, പൊൻമുണ്ടം പി. ഒ, മലപ്പുറം–676106.

എതിർകക്ഷികൾ :

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, തിരൂർ ഈസ്റ്റ്, കെ.എസ്.ഇ.ബി ലിമിറ്റഡ്, മലപ്പുറം– ജില്ല.

2. അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, പൊൻമുണ്ടം, കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്– ജില്ല.

# ഉത്തരവ്

പരാതി:-

പൊൻമുണ്ടം ഇലക്ട്രിക്കൽ സെക്ഷനിൽ 1165702025284 എന്ന കൺസ്യൂമർനമ്പറിൽ ഗാർഹിക താരിഫിലുള്ള ഉപഭോക്താവാണ് പരാതിക്കാരൻ. പരാതിക്കാരന്റെ ദ്വൈമാസ ശരാശിരി വൈദ്യുതി ഉപഭോഗം ഏകദേശം 178 യൂണിറ്റാണെന്നിരിക്കെ 12-10-2023 മുതൽ 11-12-2023 വരെയുള്ള ദ്വൈമാസഉപഭോഗം 1875 യൂണിറ്റ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എർത്ത് സംബന്ധമായോ ഇലക്ട്രിക്ക് സർക്യൂട്ടിലോ ഒരപാകതയും കണ്ടിട്ടില്ല എന്നും 1875 യൂണിറ്റ് പരാതിക്കാരൻ ഉപയോഗിച്ചിട്ടില്ലെന്നും കറന്റ് ചാർജ്ജായ 18,822/- രൂപ അടക്കുവാൻ പരാതിക്കാരൻ ബാദ്ധ്യസ്ഥനല്ലെന്നും, ടി അധികചാർജ്ജ് ഒഴിവാക്കിതരണമെന്നും പരാതിക്കാരൻ അപേക്ഷിക്കുന്നു.

പരാതിക്കാരന്റെ വിശദീകരണം:-

പരാതിക്കാരന്റെ 7/296 E നമ്പർ വീട്ടിൽ കൺസ്യൂമർനമ്പർ 1165702025284 പ്രകാരം കറന്റ്ചാർജ്ജ് 178 യൂണിറ്റിനുള്ള 7,28/-രൂപയാണ് സാധാരണ അടക്കാറുള്ളതെന്നും എന്നാൽ 11-12-2023 ന് റീഡിംഗ് എടുത്തപ്പോൾ ബിൽ നൽകിയില്ലെന്നും 1875 യൂണിറ്റ് എന്ന് രേഖപ്പെടുത്തി കെ.എസ്.ഇ.ബി യിൽ നൽകുകയാണ് ചെയ്തതെന്നും കെ.എസ്.ഇ.ബി യിൽ ഇതിനെകുറിച്ച് അന്വേഷിച്ചപ്പോൾ 18,822/- രൂപ അടക്കുവാൻ പറയുകയുമാണുണ്ടായതെന്നും പരാതിക്കാരൻ വ്യക്തമാക്കുന്നു. വൈദ്യുതിഉപകരണങ്ങൾക്ക് യാതോരു പ്രശ്നവുമില്ലെന്നിരിക്കെ ഉയർന്ന ഉപഭോഗം എങ്ങിനെ സംഭവിച്ചെന്ന് പരാതിക്കാരന് അറിയണമെന്നതിനാൽ പാരലൽ മീറ്റർ ഉപയോഗിച്ച് 7 ദിവസം പരിശോധന നടത്തിയെന്നും യാതോരു വ്യത്യാസവും കണ്ടെത്തിയില്ലെന്നും ഒരു ദിവസത്തേക്ക് ഒരു യൂണിറ്റ് മാത്രമേ ഉപഭോഗം വരുന്നുള്ളൂ എന്നും പരാതിക്കാരൻ അറിയിക്കുന്നു. പരാതിക്കാരൻ തയ്യാറാക്കിയ പരാതി കെ.എസ്.ഇ.ബി യിൽ വച്ച് മാറ്റിഎഴുതിച്ച ശേഷമാണ് റസീപ്റ്റ് നൽകിയതും പണം ഗഡുക്കളായി അടക്കാൻ സാധിക്കുമെന്ന് അറിയിക്കുകയുമാണ് ചെയ്തത് എന്നാൽ പണമടക്കാൻ ബുദ്ധിമുട്ടുള്ളതിനാലും ഭാവിയിൽ ഇത് ആവർത്തിക്കുമോ എന്നതിനാലും ഈപരാതിയിൽ ഒരു പരിഹാരം കണ്ടെത്തണമെന്ന് പരാതിക്കാരൻ ഫോറത്തോട് അപേക്ഷിക്കുന്നു.

## എതിർകക്ഷിയുടെ വിശദീകരണം :-

പരാതിക്കാരനായ ശ്രീ. അബൂബക്കർ, താഴത്തേതിൽ ഹൗസ്, പൊൻമുണ്ടം എന്നവർ പൊൻമുണ്ടം ഇലക്ട്രിക്കൽ സെക്ഷനിൽ 1165702025284 എന്ന കൺസ്യൂമർനമ്പറിൽ ഗാർഹിക താരിഫിൽ 14-01-2019 ന് കണക്ടഡ് ലോഡ് 4820 വാട്ടോട്ടുകൂടി സിംഗിൾ ഫേസായി കണക്ഷൻ രജിസ്റ്റർ ചെയ്തിട്ടുള്ള ഉപഭോക്താവാണ്. ടി കണക്ഷന്റെ 12-10-2023 വരെയുള്ള പരമാവധി വൈദ്യുതിഉപഭോഗം 265 യൂണിറ്റാണ്. എന്നാൽ 12-10-2023 മുതൽ 11-12-2023 വരെയുള്ള ദ്വൈമാസ ബില്ലിംഗ് സൈക്കിളിൽ 1875 യൂണിറ്റ് ഉപഭോഗം കണ്ടെത്തിയതിനെ തുടർന്ന് മീറ്റർ റീഡർ സെക്ഷനിൽ ബന്ധപ്പെടാൻ ആവശ്യപ്പെടുകയും അതുപ്രകാരം പരാതിക്കാരൻ സെക്ഷനിൽ മീറ്റർ പരിശോധനക്കായി അപേക്ഷനല്കുകയും പണമടക്കുകയും ചെയ്തു. 21-12-2023 ന് 18,822/-രൂപക്കുള്ള ബില്ല് 6570231207532 നമ്പർപ്രകാരം പരാതിക്കാരന് നൽകിയത് പാരലൽ മീറ്റർ ഉപയോഗിച്ച് നടത്തിയ പരിശോധനയിൽ പരാതിക്കാരന്റെ മീറ്റർ കൃത്യതയുള്ളതാണ് എന്ന് ബോദ്ധ്യപ്പെടുത്തിയ ശേഷം മാത്രമാണ്.

പാരലൽ മീറ്ററും പരാതിക്കാരന്റെ മീറ്ററും 13-12-2023 മുതൽ 19-12-2023 വരെയുള്ള 7 ദിവസകാലയളവിൽ 17 യൂണിറ്റാണ് കാണിച്ചത്. ഇത് ഈ കാലയളവിൽ കണക്ട് ചെയ്തിട്ടുള്ള ലോഡിനെ അടിസ്ഥാനമാക്കിയുള്ള ഉപഭോഗം മാത്രമാണ്. പാരലൽ മീറ്റർ നിരീക്ഷണം മീറ്ററിന്റെ കൃത്യത പരിശോധിക്കാൻ വേണ്ടി മാത്രമാണെന്നും ആയതിനാൽ 12-10-2023 മുതൽ 11-12-2023 വരെയുള്ള കാലയളവിൽ അധികലോഡ് ഉപഭോഗമോ എർത്ത് ലീക്കേജോ സംഭവിച്ചിട്ടുണ്ടാകാം. 15-09-2023 മുതൽ 31-12-2023 വരെയുള്ള കാലയളവിൽ കണക്റ്റഡ് ലോഡ് സ്വയം വെളിപ്പെടുത്തൽ ആയതിനാൽ 12-12-2023 ന് വയറിംഗ് ചെക്ക് ചെയ്യിച്ചുവെന്ന പരാതിക്കാരന്റെ വാദത്തെ മുഖവിലക്കെടുത്താൽ 12-10-2023 ന് ശേഷം അധികലോഡ് ഉപഭോഗിച്ചുവെന്നും 12-12-2023 ന് ശേഷം അധികലോഡ് നീക്കം ചെയ്തുവെന്നും കണക്കിലെടുക്കേണ്ടതായും വരും.

പ്രസ്തുത പരാതിയിൻമേൽ പരാതിക്കാരന്റെ മീറ്ററിലെ ഡാറ്റ ഡൗൺലോഡ് ചെയ്ത് നൽകുവാൻ മലപ്പുറം ആന്റി പവർ തെഫ്റ്റ് സ്ക്വോഡിൽ അഭ്യർത്ഥിക്കുകയും അതുപ്രകാരം 10-01-2024 ന് ടി മീറ്ററിൽ ടാമ്പറിംഗ് ഇല്ലെന്ന് സ്ക്വോഡിന്റെ റിപ്പോർട്ട് ലഭിക്കുകയുമുണ്ടായി. പാരലൽ മീറ്റർ പരിശോധനക്ക് ശേഷം കൂടുതൽ പരിശോധനക്കായി മീറ്റർ ടി. എം. ആറിലേക്ക് അയക്കാം എന്ന സെക്ഷനിൽ നിന്നുള്ള നിർദ്ദേശം പരാതിക്കാരൻ പരിഗണിച്ചില്ല. മീറ്റർ കൃത്യമാണെന്നും

12-10-2023 മുതൽ 11-12-2023 വരെയുള്ള 1875 യൂണിറ്റ് ഉപഭോഗം യഥാർത്ഥമായതിനാലും അതനുസരിച്ചുള്ള വൈദ്യുതിചാർജ്ജ് ലൈസൻസിക്ക് ലഭ്യമാക്കേണ്ടതാണെന്നും ബോധിപ്പിച്ചുകൊണ്ട് ടി പരാതി നിരാകരിച്ച് ഉത്തരവാകുവാൻ എതിർകക്ഷി അഭ്യർത്ഥിക്കുന്നു.

<u>പരാതിക്കാരന്റെ അധികവാദങ്ങൾ:-</u>

1165702025284 എന്ന കൺസ്യൂമർനമ്പറിൽ ഗാർഹിക താരിഫിൽ കണക്ടഡ് ലോഡ് 4820 വാൾട്ടോടുകൂടി കണക്ഷൻ രജിസ്റ്റർ ചെയ്യുകയും 265 യൂണിറ്റ് പരമാവധി വൈദ്യുതി ഉപഭോഗം വരികയും ചെയ്തുകൊണ്ടിരിക്കെ 12-10-2023 മുതൽ 11-12-2023 വരെയുള്ള കാലയളവിൽ 1875 യൂണിറ്റ് അധിക ഉപഭോഗം കണക്കാക്കിയിരിക്കുന്നു എന്നാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 14-02-2024 ന് നൽകിയ പ്രസ്താവനയിൽ പറയുന്നത്. കൂടാതെ തർക്കത്തിനാധാരമായ 30981606 നമ്പർ മീറ്ററിലെ ഡാറ്റ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് ഡൗൺ ലോഡ് ചെയ്ത് വൈദ്യുതി പരാതി പരിഹാര ന്യായസഭയിലേക്ക് അയച്ചതായും വ്യക്തമാക്കുന്നു. ഈ ഡാറ്റ സൂക്ഷ്മമായി പരിശോധിക്കേണ്ടതാണെന്നും മീറ്ററിൽ അധിക ഉപഭോഗം കണക്കാക്കിയതെന്തുകൊണ്ടാണ് എന്നതിന്റെ കാരണം കണ്ടെത്തണമെന്നും പരിശോധനക്കായി ടി റിപ്പോർട്ട് പരാതിക്കാരന് നൽകണമെന്നും പരാതിക്കാരൻ അഭ്യർത്ഥിക്കുന്നു.

<u>എതിർകക്ഷിയുടെ മറുവാദങ്ങൾ:-</u>

വൈദ്യുതി പരാതി പരിഹാര ന്യായസഭ പ്രസ്തുത പരാതിയുമായി ബന്ധപ്പെട്ട് 06-03-2024 ന് നടത്തിയ ഇടക്കാല ഉത്തരവിലെ നിർദ്ദേശത്തെതുടർന്ന് തർക്കത്തിനാധാരമായ മീറ്റർ ടി. എം. ആർ ഷൊർണ്ണൂരിലേക്ക് പരിശോധനക്ക് അയക്കുകയും അയതിൻപ്രകാരം 27-03-2024 ന് പരിശോധനാ റിപ്പോർട്ടും ഡൗൺലോഡ് ചെയ്ത ഡാറ്റയും ഷൊർണ്ണൂർ ടി. എം. ആർ അസിസ്റ്റന്റ് എഞ്ചിനീയർ അയച്ചുതരികയും ചെയ്തിട്ടുണ്ട്. ടി. എം. ആർ ഷൊർണ്ണൂരിൽ നിന്ന് ലഭിച്ച റിപ്പോർട്ടിൽ "Tested the meter and found that error is with in permissible and the meter found ok" എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ പ്രസ്തുത മീറ്റർ കൃത്യതയുള്ളതാണ് എന്ന വാദം കൂടുതൽ ബലപ്പെടുന്നു.

മീറ്ററിന്റെ കൃത്യത ഉറപ്പുവരുത്താൻ നിലവിൽ ചെയ്ത നടപടികൾ ക്രമപ്രകാരമുള്ളതും ലൈസൻസി നൽകിയ ബില്ലിനെ സാധൂകരിക്കുന്നതുമാണ്. ആയതിനാൽ ബിൽതുക അടക്കുവാൻ പരാതിക്കാരൻ ബാധ്യസ്ഥനാണെന്നും തുക ഗഡുക്കളായി അടക്കുവാനുള്ള

സാധ്യത ഉപയോഗപ്പെടുത്താവുന്നതാണെന്നും ടി മീറ്റർ മൂന്നുതവണ പരിശോധിക്കപ്പെട്ടിട്ടും കൃത്യതയുള്ളതാണെന്ന് കണ്ടെത്തിയതിനാലും, 12-10-2023 മുതൽ 11-12-2023 വരെയുള്ള 1875 യൂണിറ്റ് ഉപഭോഗം യഥാർത്ഥമായതിനാലും അതനുസരിച്ചുള്ള വൈദ്യുതി ചാർജ്ജ് ലൈസൻസിക്ക് ലഭ്യമാക്കേണ്ടതാണെന്ന് ബോധിപ്പിച്ചുകൊണ്ട് ടി പരാതി നിരാകരിച്ച് ഉത്തരവാകുവാൻ എതിർകക്ഷി അഭ്യർത്ഥിക്കുന്നു.

<u>അവലോകനവും കണ്ടെത്തലും:-</u>

ഈ കേസിന്റെ വിചാരണ 06-03-2024, 17-04-2024 എന്നീ തിയ്യതികളിൽ കോഴിക്കോട് സി ജി ആർ എഫിലെ കോർട്ട് ഹാളിൽ വച്ച് നടന്നു. പരാതിക്കാരനും എതിർകക്ഷിയും വിചാരണയിൽ ഹാജരായിരുന്നു. വിചാരണ സമയത്ത് ഹാജരാക്കിയ രേഖകളുടെയും മൊഴികളുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ബോദ്ധ്യപ്പെട്ടു.

പരാതിക്കാരൻ 1165702025284 കൺസ്യൂമർ നമ്പറായി പൊൻമുണ്ടം ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലെ സിംഗിൾ ഫേസ് ഗാർഹിക ഉപഭോക്താവാണ്. 4820 വാട്സ് ആണ് പരാതിക്കാരന്റെ കണക്ടഡ് ലോഡ്. 14-01-2019 മുതൽ ഗാർഹിക താരിഫിൽ തുടരുന്ന ടി സർവ്വീസ് കണക്ഷനിൽ വന്നിട്ടുള്ള പരമാവധി ദ്വൈമാസ ഉപഭോഗം 265 യൂണിറ്റാണെന്ന് എതിർകക്ഷി അറിയിച്ചിരിക്കുന്നു. എന്നാൽ 12-102-2023 മുതൽ 11-12-2023 വരെയുള്ള ദ്വൈമാസ ബില്ല് 1875 യൂണിറ്റ് എന്നാണ് കണ്ടത്. ഇത്രയും അധിക ഉപഭോഗം നടന്നിട്ടില്ല എന്ന പരാതിക്കാരന്റെ പരാതിയുടെ അടിസ്ഥാനത്തിൽ സെക്ഷൻ ഓഫീസിൽ മീറ്റർ ടെസ്റ്റിങ്ങിനുള്ള പണം അടച്ച് പാരലൽ മീറ്റർ ഘടിപ്പിച്ച് മീറ്റർ ടെസ്റ്റിങ്ങ് നടത്തുകയും, ടി ടെസ്റ്റിങ്ങിൽ പരാതിക്കാർന്റെ മീറ്റർ കൃത്യതയോടെയാണ് പ്രവർത്തിക്കുന്നത് എന്ന് കണ്ടതിനാൽ 1875 യൂണിറ്റിനുള്ള 18,822/- രൂപയുടെ ബില്ല് പരാതിക്കാരന് നൽകിയെന്നും എതിർകക്ഷി അറിയിക്കുന്നു.

പ്രിമിസസിൽ യാതൊരു വിധത്തിലുള്ള എർത്ത് ലീക്കേജും ഉണ്ടായിട്ടില്ലെന്നും പരാതിക്കാരന്റെ വീട്ടിലെ ഇലക്ട്രിക് സർക്യൂട്ടിൽ ഒരു അപാകതയും ഉണ്ടായിട്ടില്ല എന്നും പരാതിക്കാരനും അറിയിച്ചു. വയറിംഗ് തകരാറോ എർത്ത് ലീക്കേജോ ഉണ്ടായിട്ടില്ലെങ്കിൽ പരാതിക്കാരൻ അധിക ലോഡ് ഉപയോഗിച്ചതുകൊണ്ടാകാം അധിക ഉപഭോഗം വന്നതെന്ന് എതിർകക്ഷി വാദിക്കുന്നു. മീറ്ററിലെ ഏതെങ്കിലും തകരാറുകൊണ്ടാണോ കൂടിയ ഉപഭോഗം വന്നതെന്ന് കണ്ടുപിടിക്കുവാൻ പരാതിക്കാരന്റെയും എതിർകക്ഷിയുടെയും അഭിപ്രായം

അനുസരിച്ച് ടി മീറ്റർ വിശദപരിശോധനക്കായി ടി. എം. ആറിലേക്ക് അയക്കുവാൻ എതിർകക്ഷിക്ക് ഫോറം നിർദ്ദേശം നൽകിയതനുസരിച്ച് ടി. എം. അറിൽ ടി മീറ്റർ ടെസ്റ്റ് ചെയ്തതിന്റെ റിപ്പോർട്ടും, മീറ്റർ ഡാറ്റ ഡൗൺലോഡ് ചെയ്തതും ഫോറത്തിന് സമർപ്പിക്കുകയുണ്ടായി. ആയതിന്റെ കോപ്പി പരാതിക്കാരനും നൽകിയിട്ടുണ്ട്.

ടി മീറ്ററിന്റെ ടെസ്റ്റ് റിപ്പോർട്ടിൽ "RTC not ok" ആയതുകൊണ്ട് ടി മീറ്റർ മുന്നോട്ട് ഉപയോഗിക്കരുത് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ മീറ്ററിൽ നിന്നും ഡൗൺലോഡ് ചെയ്ത ഡാറ്റയിൽ 2000-2021 ലെ ഉപഭോഗമായിട്ടാണ് 2023-2024 ലെ ഉപഭോഗത്തെ റെക്കോർഡ് ചെയ്തിട്ടുള്ളത്. പരാതിക്കാരന്റെ വൈദ്യുതി ഉപഭോഗത്തെ മീറ്റർ ഡൗൺലോഡ് ഡാറ്റയിൽ നിന്നും വിശദമാക്കികൊടുക്കുവാൻ എതിർകക്ഷിക്ക് സാധിച്ചിട്ടില്ല. ടെസ്റ്റിങ്ങിൽ "error is in permissible" എന്ന് പറയുമ്പോഴും വർഷങ്ങളുടെ വ്യത്യാസത്തിൽ തെറ്റായികിടക്കുന്ന റിയൽ ടൈം ക്ലോക്ക് (RTC) മൂലം മീറ്റർ മുന്നോട്ട് ഉപയോഗിക്കരുത് എന്ന് ടി. എം. അർ യൂണിറ്റ് നിർദ്ദേശിച്ചിട്ടുള്ളതിനാലും ടി മീറ്ററിൽ 12-10-2023 മുതൽ 11-12-2023 വരെ വന്ന 1875 യൂണിറ്റിന്റെ ഉപഭോഗം കേരളാ ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 104(1) പ്രകാരമുള്ള "കറക്റ്" മീറ്റർ പ്രകാരം റെക്കോർഡ് ചെയ്യപ്പെട്ടിട്ടില്ലാത്തത് ആയതുകൊണ്ട് പരാതിക്കാരന്റെ 12-10-2023 മുതൽ 11-12-2023 വരെയുള്ള ബില്ല് കേരളാ ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 125(1) പ്രകാരം റിവൈസ് ചെയ്ത് നൽകേണ്ടതാണ് എന്ന് ഫോറം കണ്ടെത്തിയിരിക്കുന്നു.

<u>തീരുമാനം:-</u>

- പരാതിക്കാരന് എതിർകക്ഷി നൽകിയ 11-12-2023 ലെ 18,822/- രൂപയുടെ ബില്ല് ഫോറം റദ്ദാക്കിയിരിക്കുന്നു.
- 12-10-2023 മുതൽ 11-12-2023 വരെയുള്ള കാലയളവിലെ പരാതിക്കാരന്റെ ബില്ല് കേരളാ ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 125(1) പ്രകാരം എതിർകക്ഷി പുതുക്കി നൽകേണ്ടതാണ്.

പരാതി മേൽ പറഞ്ഞ പ്രകാരം തീർപ്പാക്കി ഫോറം ഉത്തരവാക്കുന്നു.

രണ്ടായിരത്തി ഇരുപത്തി നാലാമാണ്ട് ഏപ്രിൽ മാസം 24 -)0 തിയ്യതി.

| Sd/- | Sd/- | Sd/- |
|---|---|---|
| ഫ്രാൻസിസ്. എ. സി, | ആൻസി പോൾ . സി, | സാജമ്മ. ജെ. പുന്നൂർ |
| അംഗം | അംഗം | അദ്ധ്യക്ഷ |

Endt.on CGRF-NR/OP 86/2023-24/34 24/ 04 /2024

അയയ്ക്കുന്നത്:

1. ശ്രീ. അബൂബക്കർ,
താഴത്തേതിൽ ഹൗസ്,
പൊൻമുണ്ടം പി. ഒ,
മലപ്പുറം–676106.

ഫോറത്തിന്റെ മേൽ ഉത്തരവിൽ സംതൃപ്തനാവാത്ത പക്ഷം പരാതിക്കാരന് /പരാതിക്കാരിയ്ക്ക് ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം ഈ ഉത്തരവ് ലഭിച്ച്30 ദിവസത്തിനകം താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ, ഡി.എ.ച്ച് റോഡ്, ഓഫ്ഷോർ റോഡ് ജംഗ്ഷൻ, ഗാന്ധി സ്ക്വയറിന് സമീപം
എറണാകുളം,കേരള– 682016
(ഫോൺ 0484- 2346488)

2.അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ,
ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
കെ.എസ്.ഇ.ബി ലിമിറ്റഡ്,
തിരൂർ ഈസ്റ്റ്, മലപ്പുറം ജില്ല.

കോപ്പി സമർപ്പിക്കുന്നത് :
ചീഫ് എൻജിനീയർ(ഡിസ്ട്രിബ്യൂഷൻ - നോർത്ത് ), കോഴിക്കോട് .

കോപ്പി സമർപ്പിക്കുന്നത് :

1. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്,
വൈദ്യുതിഭവനം,തിരുവനന്തപുരം.

2. ഡെപ്യൂട്ടി ചീഫ് എൻജിനീയർ
ഇലക്ട്രിക്കൽ സർക്കിൾ, തിരൂർ,
കെ.എസ്.ഇ.ബി ലിമിറ്റഡ്, മലപ്പുറം.

3. എക്സിക്യൂട്ടീവ് എൻജിനീയർ
ഇലക്ട്രിക്കൽ ഡിവിഷൻ, തിരൂർ,
കെ.എസ്.ഇ.ബി ലിമിറ്റഡ്, മലപ്പുറം.ജില്ല.

4. അസിസ്റ്റൻറ് എൻജിനീയർ,
ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി
ലിമിറ്റഡ്, പൊൻമുണ്ടം, മലപ്പുറം ജില്ല.

Forwarded

**Chairperson**

OFFICE OF THE DEPUTY CHIEF ENGINEER
KSE BOARD
GANDHI ROAD
KOZHIKODE
PIN-673011
CONSUMER GRIEVANCE REDRESSAL FORUM